# 3

# “വചനം ജഡമായി തീർന്നു”

## (1:14-18)

ഒരു ഓക്സിമോറോൻ എന്നതു പരസ്പരവിരുദ്ധമായ വാക്കുകൾ ചേർന്നതാണ്. “ഓക്സിമോറോൻ” എന്ന വാക്കു തന്നെ ഗ്രീക്കു വാക്കുകൾ യോജിപ്പിച്ചതാണ്, അർത്ഥം “മൂർച്ചയുള്ള/മുഷിഞ്ഞ” എന്നാണ്. ഈ സാഹിത്യ രചനക്കു ചില ഉദാഹരണങ്ങൾ “കയ്പ്പുള്ളമധുരം,” “ഭീമനായ കൃശഗാത്രൻ,” “ക്രൂരദയ” എന്നിവയാണ്.

ഈ പ്രത്യേക ഘടന യോഹന്നാൻ 1:14-18 അടിസ്ഥാനത്തിലാണ്. ആദ്യ പതിമൂന്നു വാക്യങ്ങളിൽ പരിചയപ്പെടുത്തുന്നത് വചനം “ആദിയിൽ,” “ദൈവത്തോടുകൂടെ,” “ദൈവം ആയിരുന്നു.” നാം ദൈവത്തെക്കുറിച്ചു വലിയ അവകാശങ്ങൾ കേട്ടിട്ടുള്ളതുകൊണ്ടു നമുക്ക് അതു സ്വീകരിക്കുവാൻ കുറച്ചു പ്രയാസമുണ്ട്. 1:14 ലെ “പ്രശ്നം” ദൈവം ജഡമായിത്തീർന്നു എന്നതാണ്. ദൈവം/ജഡമായി എന്നത് യേശു ആരാണ് എന്നു വ്യക്തമാക്കുന്നു.

### അവൻ ജഡമായി തീർന്നു

“വചനം ജഡമായി, ...” (1:14). യേശുവിനെ ആദി മുതലുള്ള ദൈവവചനമായും സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു എന്നും പരിചയപ്പെടുത്തിയ ശേഷം, വചനം ജഡമായിത്തീർന്നു എന്ന അവകാശം യോഹന്നാൻ 1:14 നടത്തുന്നു. “ജഡം” മൂർച്ചയില്ലാത്ത, ഭൗമികം, പരുക്കൻ എന്നൊക്കെ യേശുവിനെ ഉപയോഗിക്കുന്നതു അപക്വമായിരിക്കും. യോഹന്നാൻ പറയുന്നത് യേശു 100 ശതമാനം മനുഷ്യനായിരുന്നു, അല്ലാതെ 50 ശതമാനം മനുഷ്യനും 50 ശതമാനം ദൈവികവും ആയിരുന്നില്ല. യേശുവിൽ മനുഷ്യത്വം പൂർണ്ണമായിരുന്നു. അവൻ ഒരു ശിശുവായി ജനിച്ചു, വളർന്നു ഒരു മനുഷ്യനായി, മനുഷ്യരുടെ വിശപ്പും, ദാഹവും, വേദനയും, ലൈംഗിക വാഞ്ഛയും, ദേഷ്യവും, ദു:ഖവും എന്തെന്നു അവൻ അറിഞ്ഞിരുന്നു. യേശു മുഴുവനും മനുഷ്യനായിരുന്നു എന്നതു അനാദരവായി തോന്നിയേക്കാം. ഉദാഹരണമായി, യോസേഫിനേയും മറിയയേയും പുൽത്തൊട്ടിയിലെ

ശിശുവിനെ പുതപ്പിച്ച തുണി എന്നീ രംഗങ്ങൾ കാണുമ്പോൾ അതു മനസിനപ്പുറം കടക്കുന്നുണ്ടോ? അതു ഇടർച്ചയായി പോലും നിങ്ങൾക്കു തോന്നിയേക്കാം. പക്ഷെ "ജഡം" എന്ന വാക്ക് അതിലും എത്രയോ അധികം, അധികം ആണ്.

ഉദാഹരണമായി യേശു വാസ്തവത്തിൽ പരീക്ഷിക്കപ്പെട്ടു എന്നു നിങ്ങൾ വിശ്വസിക്കുന്നുവോ? യേശു എപ്പോഴെങ്കിലും തെറ്റു ചെയ്യുവാൻ തുനിഞ്ഞിട്ടുണ്ടോ? ഒരു നിമിഷം അതു ചിന്തിക്കുക. യാക്കൊബ് എഴുതി, "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു" (യാക്കൊബ് 1:14, 15). യേശു എപ്പോഴെങ്കിലും "തന്റെ മോഹത്തിനിരയായോ"? എബ്രായ ലേഖകൻ പറയുന്നതു നമ്മുടെ മഹാപുരോഹിതൻ, "പാപം ഒഴികെ, സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ" (എബ്രായർ 4:15). നമ്മുടെ ചോദ്യം അവശേഷിക്കുന്നു: "പാപമില്ലാത്ത യേശു എപ്പോഴെങ്കിലും തെറ്റു ചെയ്യാനൊരുങ്ങിയിട്ടുണ്ടോ?" തിരുവെഴുത്തിൽ മുഴങ്ങി നിൽക്കുന്ന ഉത്തരം "ഉവ്വ്!" എന്നാണെന്നു ഞാൻ വിശ്വസിക്കുന്നു. ഉദാഹരണമായി, ഗദ്ശമന തോട്ടത്തിൽ തന്നെ ഒറ്റിക്കൊടുക്കുന്നതിനു തലേന്നു യേശു എന്തു ചെയ്യുവാനാണ് ആഗ്രഹിച്ചത്? അവൻ പ്രാർത്ഥിച്ചു, "പിതാവേ, നിനക്കു മനസുണ്ടെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നേ ആകട്ടെ എന്നു പ്രാർത്ഥിച്ചു" (ലൂക്കൊസ് 22:42). അതിനർത്ഥം യേശു ദൈവേഷ്ടത്തിനപ്പുറമായി ചിലതു ചെയ്യുവാനാഗ്രഹിച്ചു എന്നല്ലേ? അതിനേക്കാൾ കൂടുതൽ അവൻ ദൈവേഷ്ടം ചെയ്യുവാനാഗ്രഹിച്ചതിൽ നമുക്കു നന്ദിയുള്ളവരാകാം, എന്നാൽ യേശു "ജഡം" ആയിത്തീർന്നു, ജഡത്തിലെ സകല പരീക്ഷണങ്ങളും നേരിട്ടു എന്നതു നാം വിസ്മരിക്കരുത്.

നമുക്കു ഇതു സ്വീകരിക്കുവാൻ പ്രയാസമുള്ളത് നാം യേശുവിനെ അധികവും "കർത്താവും യജമാനനും" ആയിട്ടാണ് കേട്ടിട്ടുള്ളത്. അതുകൊണ്ടു ഇപ്പോൾ ഒരു മുഴു മനുഷ്യനായി കാണുന്നതു അസാധാരണമായോ അല്ലെങ്കിൽ ദൈവദൂഷണമായോ തോന്നിയേക്കാം! ഈ പ്രശ്നത്തിന്റെ ഒരു ചിത്രീകരണം 1970 കളിൽ "ദ വാൾട്ടൺസ്" എന്ന ടെലിവിഷൻ പ്രോഗ്രാമിൽ വർഷങ്ങളോളം വന്നതു ഞാൻ ഓർക്കുന്നു. അതിന്റെ ഒരു എപ്പിസോഡിൽ, മൂത്ത മകൻ ജോൺ റോയ് വാൾട്ടൻ ഒരു പ്രേമത്തിൽ പെട്ടു. തന്റെ ഹൃദയം കവർന്ന ഒരു സുന്ദരിയെ അയാൾ കണ്ടുമുട്ടി. നിറഞ്ഞ ആവേശത്തോടെ തന്റെ പരിഭ്രമം മാറ്റുവാൻ ചില നിർദ്ദേശങ്ങൾക്കായി പിതാവിന്റെ അടുത്തു ചെന്നു. അയാൾ ചോദിച്ചു, "ഡാഡ്," "താങ്കൾ എപ്പോഴെങ്കിലും പ്രേമിച്ചിട്ടുണ്ടോ?" തന്റെ ജോലി നിർത്തി ഒന്നു നോക്കി പറഞ്ഞു, "ഞാനോ!" ജോൺ റോയ് മുമ്പിലത്തേക്കാൾ കൂടുതൽ സങ്കീർണ്ണമാക്കിയതുകൊണ്ടു, വീണ്ടും ചോദിച്ചു. "അല്ല, ഞാൻ ഉദ്ദേശിച്ചത് ഒരു പെൺകുട്ടിയെ." അവന്റെ പിതാവു പറഞ്ഞു, "മകനേ, നിന്റെ അമ്മ ഈ ചോദ്യത്തെ അനുമോദിക്കുമോ എന്നു എനിക്കു തീർച്ചയില്ല!"

കുട്ടികൾക്കു തങ്ങളുടെ അപ്പനെ ഒരു മനുഷ്യനായോ അമ്മയെ ഒരു സ്ത്രീ ആയോ കാണുവാൻ പ്രയാസമാണ്. കുട്ടികൾക്കു അവരുടെ മാതാപിതാക്കൾ, രക്ഷകർത്താക്കൾ, പോറ്റുന്നവർ, നായകന്മാർ, യജമാനന്മാർ എന്നീ നിലയിലേ കാണുവാൻ കഴിയൂ. അതുകൊണ്ടു അവർ പ്രേമിക്കുക, ജീവിതത്തിൽ എതിർലിംഗവുമായുള്ള എല്ലാ തെറ്റിദ്ധാരണയും മാറ്റുക എന്നതു ചിന്തിക്കാനേ പ്രയാസം! അതുപോലെ ക്രിസ്ത്യാനികൾക്കു യേശുവിന്റെ മനുഷ്യത്വത്തെ സ്വീകരിക്കുവാനും "വചനം ജഡമായിത്തീർന്നു" എന്നതു അംഗീകരിപ്പാനും പ്രയാസം നേരിടുന്നു!

## അവൻ തന്റെ കൂടാരം അടിച്ചു

യോഹന്നാൻ, വചനം ജഡമായി "നമ്മുടെ ഇടയിൽ പാർത്തു" എന്നു പറഞ്ഞത് ധീരമായിരുന്നു (1:14). "പാർത്തു" എന്ന വാക്കിന്റെ അക്ഷരിക അർത്ഥം "സമാഗമനകൂടാരമാക്കുക," "ഒരാളുടെ കൂടാരം ഉറപ്പിക്കുക" എന്നാണ്. അതു ആരെങ്കിലും നമ്മുടെ അയൽപക്കത്തു നമ്മുടെ മദ്ധ്യേ താമസമാക്കുന്നതു പോലയാണ്. അതാണ് യേശു ചെയ്തത്! അവൻ ചെറിയൊരു സന്ദർശനത്തിനു വന്നതല്ല. അവൻ സ്വർഗ്ഗത്തിൽനിന്നു വന്നു തന്റെ വിലാസം "ഭൂമിയിൽ," ആക്കി. ഉപജീവനപ്രവൃത്തിയാൽ ഓരോ ദിവസവും അവന്റെ കൈകൾ അഴുക്കുള്ളതായി. മനുഷ്യർക്കു നൽകാവുന്ന ഏറ്റവും വലിയ ദാനമാണത്.

യേശു വന്നു "നമ്മുടെ ഇടയിൽ പാർത്തു" എന്നതിന്റെ പ്രാധാന്യം ഒരു പുരാതന പേർഷ്യൻ രാജാവിന്റെ കഥയുമായി ചിത്രീകരിക്കാം. അബ്ബിസ് ഷാ ജനങ്ങളെ സ്നേഹിച്ച നല്ലൊരു രാജാവായിരുന്നു. അവരെ നന്നായി മനസിലാക്കുവാൻ വേഷപ്രച്ഛന്നനായി പൊതു സ്ഥലങ്ങളിൽ ചെല്ലും. ഒരു ദിവസം ഒരു പൊതു കുളിസ്ഥലത്തേക്കു ചെന്നു, ഒരു വാതിലിലൂടെ അകത്തു കടന്നപ്പോൾ, ഒരു സാധു മനുഷ്യൻ അടുപ്പിൽ തീ കത്തിക്കുന്നതു കണ്ടു. രാജാവു പെട്ടെന്നു ഈ താഴ്ന്ന ജോലിക്കാരനുമായി സൗഹൃദത്തിലായി, അയാൾ ആ കൂട്ടുകെട്ടു സ്വീകരിക്കുകയും ചെയ്തു. രാജാവിന്റെ വ്യക്തിത്വം ആ പുതിയ സ്നേഹിതനു അറിയില്ല. രാജാവു വീണ്ടും വീണ്ടും തീ കൂട്ടുന്ന ജോലിക്കാരനുമായി തന്റെ സന്ദർശനം തുടർന്നു. ഭക്ഷണസമയം വന്നപ്പോൾ, കൃഷിക്കാരൻ തന്റെ അല്പ ഭക്ഷണം സ്നേഹിതനും നല്കി. അവസാനം രാജാവു തന്റെ വാസ്തവത്തിലുള്ള വ്യക്തിത്വം അവനു വെളിപ്പെടുത്തി. തന്റെ കഴിഞ്ഞ കാല അനുഭവത്തിൽനിന്നു അബ്ബിസ് ഷാ വിചാരിച്ചത് അവൻ ധനമോ അല്ലെങ്കിൽ വിലയുള്ള സമ്മാനമോ ചോദിക്കും എന്നാണ്. പകരം അവൻ തന്റെ അമ്പരപ്പ് മാറിയപ്പോൾ, അവൻ രാജാവിനോടു ചോദിച്ചതു ധനമോ സമ്മാനമോ ആയിരുന്നില്ല. അവൻ വെറുതെ പറഞ്ഞു,

> നീ നിന്റെ രാജധാനിയും മഹത്വവും വിട്ടു ഈ ഇരുട്ടിൽ എന്റെ അല്പമായ അപ്പം ഭക്ഷിപ്പാൻ എന്നോടൊപ്പം ഇരുന്നു, എന്റെ ഹൃദയം സന്തോഷിക്കുകയാണോ ദുഃഖിക്കുകയാണോ എന്നറിയു

വാൻ മറ്റുള്ളവർക്ക് അങ്ങ് ധന്യമായ സമ്മാനങ്ങൾ നല്കിയിരിക്കാം, പക്ഷെ എനിക്ക് അങ്ങയെ തന്നെയാണല്ലൊ നൽകിയത്, ആ സൗഹൃദം എന്നിൽനിന്നു എടുത്തുകളയരുതേ എന്നാണെന്റെ പ്രാർത്ഥന.[1]

**നാം അവന്റെ തേജസ് കണ്ടു**

യേശു ജഡമായി നമ്മുടെ ഇടയിൽ പാർക്കുക മാത്രമല്ല, നമുക്കു അവനെ കാണുവാനും അവന്റെ ജീവിതം വീക്ഷിക്കുവാനും നമ്മെ അനുവദിച്ചു! യോഹന്നാൻ 1:14-ൽ പറയുന്നു, "... ഞങ്ങൾ അവന്റെ തേജസ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കൃപയും സത്യവും നിറഞ്ഞവനായി കണ്ടു" തേജസ്സ് എന്ന വാക്കിനു തിരുവെഴുത്തിൽ ധനികമായ അർത്ഥമുണ്ട്. പഴയനിയമത്തിൽ "തേജസ്സ്" എങ്ങനെ ഉപയോഗിച്ചു എന്നതിന്റെ രണ്ടു ഉദാഹരണങ്ങളാണ് താഴെ പറയുന്ന വേദഭാഗങ്ങൾ. ആദ്യത്തേതു യിസ്രായേൽ മരുഭൂമിയിലായിരുന്നപ്പോഴത്തേതായിരുന്നു:

> അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി, യഹോവയുടെ തേജസ്സ് തിരുനിവാസത്തെ മറച്ചു. മേഘം സമാഗമനകൂടാരത്തിന്മേൽ അധിവസിക്കയും യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറെക്കുകയും ചെയ്തതുകൊണ്ടു മോശെക്കു അകത്തു കടപ്പാൻ കഴിഞ്ഞില്ല (പുറപ്പാട് 40:34, 35).

രണ്ടാമത്തെ വേദഭാഗം ശലോമോന്റെ ദേവാലയ പണിയും സമർപ്പണവും നടന്ന കാലയളവിനെക്കുറിച്ചാണ്:

> പുരോഹിതന്മാർ വിശുദ്ധമന്ദിരത്തിൽ നിന്നു പുറപ്പെട്ടപ്പോൾ മേഘം യഹോവയുടെ ആലയത്തിൽ നിറഞ്ഞു. യഹോവയുടെ തേജസ്സ് യഹോവയുടെആലയത്തിൽ നിറഞ്ഞിരുന്നതുകൊണ്ടു മേഘം നിമിത്തം ശുശ്രൂഷ ചെയ്യേണ്ടതിന്നു നിൽപ്പാൻ പുരോഹിതന്മാർക്കു കഴിഞ്ഞില്ല (1 രാജാക്കന്മാർ 8:10, 11).

രണ്ടു വേദഭാഗങ്ങളും സൂചിപ്പിക്കുന്നതു "തേജസ്സ്" "ദൈവത്തിന്റെ സാന്നിദ്ധ്യത്തെ" പ്രകടിപ്പിക്കുന്നു എന്നാണ്. ദൈവതേജസ്സ് എവിടെയുണ്ടായിരുന്നോ അവിടെ ദൈവം ഉണ്ടായിരുന്നു എന്നർത്ഥം. സി. എച്ച്. ഡോഡ് "തേജസ്സ്" എന്നതു നിർവ്വഹിച്ചതു "ദൈവത്തിന്റെ വ്യക്തിത്വം, സ്വഭാവം, സാന്നിദ്ധ്യം എന്നിവ മനുഷ്യർക്കു അനുഭവമാക്കുക ..." എന്നാണ്.[2] അതുകൊണ്ടു, യോഹന്നാൻ പറയുന്നത്, യേശു എന്ന മനുഷ്യനിൽ, മനുഷ്യർക്കു ദൈവസാന്നിധ്യം കാണാം! യേശുവിന്റെ ജീവിതത്തെക്കുറിച്ചു പറയുവാൻ ആഗ്രഹിച്ചതുകൊണ്ടാണ് സുവിശേഷത്തിന്റെ ആരംഭത്തിൽ യോഹന്നാൻ ഈ സത്യം എഴുതിയത്. വാസ്തവത്തിൽ, അവൻ പറയുന്നത്, "അവനെ ശരിക്കു ശ്രദ്ധിക്കുക, കാരണം മനുഷ്യരുമായി ഇടപെടുന്ന വെറും മനുഷ്യനേക്കാൾ

ഉയർന്നവനത്രേ; നിങ്ങൾക്കു ദൈവമഹത്വം കാണാം!" യേശു ഈ ഭൂമിയിൽ പറഞ്ഞതും ചെയ്തതുമെല്ലാം ദൈവമഹത്വം പ്രദർശിപ്പിക്കുന്നതായിരുന്നു. യേശുവിൽ, "ജഡം" പോലും "മഹത്വം" പ്രതിഫലിപ്പിക്കുകയായിരുന്നു.

യോഹന്നാന്റെ സുവിശേഷത്തിലെ തേജസ്സ് നന്നായി മനസിലാക്കുവാൻ ഒരു വ്യാഖ്യാതാവു നിർദ്ദേശിച്ച ചോദ്യം സഹായിക്കും എന്നു ഞാൻ കരുതുന്നു.[3] യോഹന്നാൻ ദൃക്സാക്ഷ്യം വഹിച്ചതും മറ്റു മൂന്നു[4] സുവിശേഷങ്ങളിലും ഉള്ള മറുരൂപസംഭവം എന്തുകൊണ്ടു യോഹന്നാന്റെ സുവിശേഷത്തിൽ ഇല്ല എന്നതാണ്. അതു തേജസ്സിന്റെ തികഞ്ഞ ചിത്രീകരണമാണെന്നു തോന്നുന്നു, "അവന്റെ മുഖം സൂര്യനെപോലെ ശോഭിച്ചു, അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായി തീർന്നു" (മത്തായി 17:2). പിന്നെ എന്തുകൊണ്ട്, തേജസിനെക്കുറിച്ചു വിശദമായി വിവരിച്ചിട്ടും ഈ സുവിശേഷത്തിൽ മറുരൂപസംഭവം ഉൾപ്പെടുത്തിയില്ല? ഒരുപക്ഷെ യേശുവിന്റെ ജീവിതം മുഴുവൻ തേജസ്സ് വെളിപ്പെടുത്തുന്നതായി എഴുതുന്നതുകൊണ്ടാകാം. യോഹന്നാൻ മറുരൂപത്തെക്കുറിച്ചു എഴുതിയാൽ മറ്റു പ്രധാനപ്പെട്ടവ ഒഴിവായെന്നു വന്നേക്കാം. മറുരൂപത്തെക്കുറിച്ചു യോഹന്നാന്റെ വായനക്കാർ യേശു പറഞ്ഞതിലെയും ചെയ്തതിലെയും ഉള്ള മറ്റുള്ളതു മാറ്റിക്കൊണ്ടു പറഞ്ഞേക്കാം, "അതാ യോഹന്നാൻ പറഞ്ഞ തേജസ്സ്, ഞങ്ങൾ കാണുന്നു," ജഡത്തിൽ ജീവിച്ച യേശുവിലുണ്ടായിരുന്ന തേജസ്സ്, ഈ സുവിശേഷത്തിൽ ഏറ്റവും വ്യക്തമായി കാണാം!

### അവൻ ദൈവത്തെ വെളിപ്പെടുത്തി

യേശുവിനെക്കുറിച്ചുള്ള പല അവകാശങ്ങളും യോഹന്നാൻ വാക്യം 14 നോടു ചേർക്കുന്നുണ്ട്. യോഹന്നാൻ സ്നാപകൻ പരസ്യമായി സാക്ഷീകരിച്ചത് അവൻ രേഖപ്പെടുത്തി, "... എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പനായി തീർന്നു, 'അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നെ' " (1:15). മോശെ മുഖാന്തരം ദൈവം - നല്കിയ ന്യായപ്രമാണം മനോഹരമായിരുന്നു, എന്നാൽ കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു എന്നും അവൻ പറയുന്നു. ധാരാളം കൃപ പഴയനിയമത്തിലും ന്യായപ്രമാണത്തിലും ഉണ്ടായിരുന്നു എന്നത് തീർച്ചയാണ്. എങ്ങനെയായാലും ന്യായപ്രമാണത്തിൽ തുടങ്ങിയതു യേശുവിൽ പൂർത്തിയാക്കിയതായി തിരിച്ചറിഞ്ഞു! ന്യായപ്രമാണത്തെ നാം ഒരു റേഡിയോ ആയി താരതമ്യം ചെയ്താൽ, നിറയെ നിശ്ചലവസ്തു വിഷയമാകും. എന്നാൽ യേശു ദൈവത്തിന്റെ സംഗീതം വിഘ്നം കൂടാതെ ഒഴുകുന്ന സി.ഡി പ്ലെയർ ആണ്. കരിക്കട്ട ഉപയോഗിച്ചു ഗുഹയുടെ മുകളിൽ വരച്ച ഒരു ചിത്രത്തോടു ന്യായപ്രമാണത്തെ ഉപമിക്കുകയാണെങ്കിൽ, യേശു ഒരു വ്യക്തമായ സിഗ്നലുള്ള, ധാരാളം വെളിച്ചം ഉള്ള, തടസമില്ലാത്ത, ഡിജിറ്റൽ ടിവി ആണെന്നു പറയാം!

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞുകൊണ്ടാണ് യോഹന്നാൻ ഈ സന്ദേശം അവസാനിപ്പിക്കുന്നത്. പഴയനി

യമത്തിൽ ദൈവത്തെ കണ്ടു ഭയന്നു വിറെച്ചതായും ദൈവത്തെ നേരിട്ടു കണ്ടാൽ മരിക്കുമെന്നും ആളുകൾ വിശ്വസിച്ചിരുന്നു. എന്നാൽ യോഹന്നാൻ പറയുന്നത് അവർ ദൈവത്തിന്റെ സന്ദേശവാഹകരെയാണ് (ദൂതന്മാർ) അല്ലാതെ ദൈവത്തെയല്ല വാസ്തവത്തിൽ കണ്ടത് എന്നാണ്. അതു കൊണ്ടു, ദൈവം ആയവനെ, ആദിയിലുള്ളവനെ, "പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നതായി" (1:18) കാണുന്നത് താല്പര്യം ജനിപ്പിക്കുന്നു. നസ്രേത്തുകാരൻ യേശുവിന്റെ ജീവിതമാണ് അതു വെളിപ്പെടുത്തിയത്! അതിനു മുൻപു ആരും ദൈവത്തെ ശരിയായി അവൻ ചെയ്തതുപോലെ വിശദമാക്കിയിട്ടില്ല.

**ഉപസംഹാരം**

നാം യോഹന്നാന്റെ പുസ്തകത്തിലേക്കു കടക്കുന്നത് ദൈവതേജസ്സ് നോക്കിക്കാണുവാനാണ്. യേശുവിനെ നാം ശ്രദ്ധിക്കുമ്പോൾ, അവൻ "ജഡത്തിൽ," "തേജസ്സ്" വെളിപ്പെടുത്തി പുതിയ അർത്ഥം "തേജസ്സിനു" നൽകി. പിന്നെ അവൻ "തേജസ്സ്" ആളുകളുടെ ദൈനംദിന അനുഭവങ്ങളിലേക്കു കൊണ്ടു വന്നു, സാധാരണ ആളുകളിൽ, സാധാരണ സാഹചര്യത്തിൽ, സാധാരണ സ്ഥലത്ത് എങ്ങനെ "തേജസ്സ്" പ്രദർശിപ്പിക്കാമെന്നു കാണിച്ചു. വിനോദയുഗത്തിൽ ആരാധനയുടെ ഭയങ്കര അനുഭവത്തിൽ, ഏറ്റവും പ്രചോദനപ്രദമായ ഏകാന്തതയിലോ അല്ലെങ്കിൽ ശക്തമായ പ്രസംഗ സമയത്തോ മാത്രമേ നമുക്കു "തേജസ്സ്" കാണാൻ കഴിയുന്നുള്ളു. യേശു ചെയ്തതിലെല്ലാം താൻ "തേജസ്സ്" വെളിപ്പെടുത്തി എന്നാണ് യോഹന്നാൻ പറഞ്ഞത്.

ദൈവിക ഓക്സിമോറോൻ ദൈവം/ജഡം തെറ്റിദ്ധരിച്ചേക്കാം, എന്നാൽ നമ്മുടെ യേശുവിനെ മനസ്സിലാക്കലിനെ സംബന്ധിച്ചു അതു നിർണ്ണായകമാണ്. നമ്മെ രക്ഷിക്കുവാൻ വചനം ജഡമായിത്തീർന്നു തേജസ്സ് നമുക്കു വെളിപ്പെടുത്തുകയും ചെയ്തു. നാം കൂടുതൽ യോഹന്നാന്റെ സുവിശേഷം നോക്കുമ്പോൾ, അവൻ ഒരു മനുഷ്യനേക്കാൾ ശ്രേഷ്ഠൻ എന്നും; ദൈവതേജസ്സും നാം കാണും!

---

കുറിപ്പുകൾ

[1]മൈക്കിൾ പി. ഗ്രീൻ, *ഇല്ലസ്ട്രേഷൻസ് ഫോർ ബിബിളിക്കൽ പ്രീച്ചിങ്ങ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1982), 48–49. [2]സി. എച്ച്. ടോഡ്, *ദ ഇന്റർപ്രെറ്റേഷൻ ഓഫ് ദ ഫോർത്ത് ഗോസ്പൽ* (കേമ്പ്രിഡ്ജ്: കേമ്പ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രെസ്സ്, 1958), 206. [3]ലെയോൺ മോറിസ്, *എക്സ്പോസിറ്ററി റിഫ്ളക്ഷൻസ് ഓൺ ദ ഗോസ്പൽ ഓഫ് ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1988), 17. [4]മത്തായി 17:1–8; മാർക്ക് 9:2–8; ലൂക്ക് 9:28–36.

**ദൈവം/ജഡം**

ഓകസിമോറോൻ ദൈവം/ജഡം മനസിലാക്കുവാൻ പ്രയാസമാണ്. ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, “ഡോസെറ്റിസ്” (“തോന്നുക” എന്നതിന്റെ ഗ്രീക്കു രൂപം) എന്ന് ഒരു കൂട്ടർ യേശു ജഡത്തിൽ ജീവിച്ചുവെന്നു തോന്നുന്നതായി വിശ്വസിച്ചിരുന്നു. അവരുടെ മനസിൽ യേശു മനുഷ്യരുടെ ദൗർബല്ല്യമോ ലോകസ്പർശനമോ കൂടാതിരുന്നു. കുറെ കഴിഞ്ഞു ‘‘ജ്ഞാനം’’ എന്നതിന്റെ ഗ്രീക്കു വാക്കായ “നോസ്റ്റിക്സ്” ഒരു കൂട്ടരുണ്ടായി. ഈ ആളുകൾ വിശ്വസിച്ചിരുന്നത്, ആത്മാവു ആത്മാവും, ജഡം ജഡവുമാണ്, അതുകൊണ്ടു രണ്ടും യോജിപ്പിക്കുവാൻ സാദ്ധ്യമല്ല എന്നാണ്. അതുകൊണ്ടു, ദൈവം/ജഡം എന്ന ആശയം അവർക്കു അസംഭവ്യമാണ്. ഈ ആശയവുമായി പ്രശ്നം നേരിട്ട മൂന്നാമത്തെ കൂട്ടർ അപ്പൊല്ലിനേറിയസിന്റെ അനുയായികളായിരുന്നു (എ.ഡി. 310–385). സിറിയയിലെ ഈ സഭാ നേതാവ്, യേശു ദൈവമാണെന്നു ശക്തമായി വാദിച്ചിരുന്നു, എന്നാൽ യേശു പൂർണ്ണമായും മനുഷ്യനായിരുന്നു എന്ന ആശയത്തെ അയാൾ തള്ളിക്കളഞ്ഞിരുന്നു. പാപം ചെയ്യുന്നതിനു അനുവദനീയമായ സ്വതന്ത്രചിന്താഗതി യേശുവിൽ ഇല്ലായിരുന്നു എന്നാണ് അയാൾ വിശ്വസിച്ചിരുന്നത്. “വചനം ജഡമായിത്തീർന്നു” എന്ന ആശയം എല്ലായ്പ്പോഴും പ്രയാസവും, ചിലപ്പോൾ വൈപരീത്യവുമാണെന്നു തോന്നിയാലും, യേശുവിന്റെ സ്വഭാവം മനസിലാക്കുവാൻ അതു ആവശ്യമാണ്.

© 2009 Truth for Today